എ.വൈ.ആർ



സൂറ-20

# ത്വാഹാ

**ആയത്ത് 49 മുതൽ 52 വരെ**

**തിര്യക്കുകളും മനുഷ്യനും തമ്മിലുള്ള പ്രധാന വ്യത്യാസം തിര്യക്കുകൾക്ക് ജന്മസിദ്ധമായ വാസനകൾ മാത്രമുള്ളപ്പോൾ മനുഷ്യന് വിശേഷ ബുദ്ധിയും ഇഛാശക്തിയും വിവേചന സ്വാതന്ത്ര്യവും കൂടി ഉണ്ടെന്നുള്ളതാണ്. ശരിയും തെറ്റും ചിന്തിച്ചറിയാനോ അന്വേഷിച്ചറിയാനോ തിര്യക്കുകൾക്കാവില്ല.**

قَالَ فَمَن رَّبُّكُمَا يَٰمُوسَىٰ ﴿٤٩﴾

**49.** ഫറവോൻ ചോദിച്ചു: നിങ്ങളുടെ ഈ വിധാതാവ് ആരാണ്, ഹേ, മൂസാ?

قَالَ رَبُّنَا ٱلَّذِيٓ أَعۡطَىٰ كُلَّ شَيۡءٍ خَلۡقَهُۥ ثُمَّ هَدَىٰ ﴿٥٠﴾

**50.** മൂസാ പറഞ്ഞു: സകല വസ്തുവിനും അതിന്റെ പ്രകൃതി ഘടന നൽകുകയും പിന്നെ വഴികാട്ടിക്കൊടുക്കുകയും ചെയ്തവനാരോ, അവനാകുന്നു ഞങ്ങളുടെ വിധാതാവ്.

قَالَ فَمَا بَالُ ٱلۡقُرُونِ ٱلۡأُولَىٰ ﴿٥١﴾

**51.** ഫറവോൻ ചേദിച്ചു: അപ്പോൾ കഴിഞ്ഞുപോയ തലമുറകളുടെ അവസ്ഥയെന്താണ്?

قَالَ عِلۡمُهَا عِندَ رَبِّي فِي كِتَٰبٖۖ لَّا يَضِلُّ رَبِّي وَلَا يَنسَى ﴿٥٢﴾

**52.** മൂസാ പറഞ്ഞു. അവരുടെ വിവരങ്ങൾ വിധാതാവിങ്കൽ ഒരു ഗ്രന്ഥത്തിൽ സൂക്ഷിച്ചിരിക്കുന്നു. എന്റെ വിധാതാവിന്നു പിഴക്കുകയില്ല, മറക്കുകയുമില്ല.

قَالَ = (ഫറവോൻ ചോദിച്ചു) പറഞ്ഞു

فَمَن رَّبُّكُمَا يَٰمُوسَىٰ = അപ്പോൾ നിങ്ങൾ രണ്ടാളുടെ(ഈ) വിധാതാവ് ആരാണ്, ഹേ മൂസാ  قَالَ = (മൂസാ) പറഞ്ഞു

رَبُّنَا = ഞങ്ങളുടെ വിധാതാവ്  ٱلَّذِيٓ أَعۡطَىٰ = ആരാണോ നൽകിയത്(ൽകുകയും)  كُلَّ شَيۡءٍ = സകല വസ്തുവിനും

خَلۡقَهُۥ = അതിന്റെ സൃഷ്ടി (പ്രകൃതി ഘടന)

ثُمَّ هَدَىٰ = പിന്നെ വഴികാട്ടിക്കൊടുത്തത്(ട്ടിക്കൊടുക്കുകയും ചെയ്തത് അവനാകുന്നു)

قَالَ = പറഞ്ഞു (ഫറവോൻ ചോദിച്ചു)  فَمَا بَالُ = വർത്തമാനം, അവസ്ഥ എന്താണ്

ٱلۡقُرُونِ ٱلۡأُولَىٰ = പൂർവ തലമുറകളുടെ  قَالَ = (മൂസാ) പറഞ്ഞു  عِلۡمُهَا = അ(വരുടെ)തിന്റെ വിവരം

عِندَ رَبِّي = എന്റെ വിധാതാവിങ്കൽ  فِي كِتَٰبٖۖ = ഒരു ഗ്രന്ഥത്തിൽ(സൂക്ഷിച്ചിരിക്കുന്നു)

لَّا يَضِلُّ رَبِّي = എന്റെ വിധാതാവ്(വിന്) പിഴക്കുകയില്ല  وَلَا يَنسَى = അവൻ മറക്കുകയുമില്ല

## 49

ഫറവോന്റെ ഈ ചോദ്യത്തിൽനിന്ന് വ്യക്തമാകുന്നതിതാണ്. ഫറവോന്റെ മുമ്പിൽ ചെന്ന മൂസാ-ഹാറൂന്മാർ(അ) തങ്ങൾ ദൈവം അയച്ച ദൂതന്മാരാണെന്നറിയിക്കുകയും ദൈവിക സന്ദേശം കേൾപ്പിക്കുകയും ചെയ്തു. അതായത്, അല്ലാഹു-പ്രപഞ്ച വിധാതാവ്- ഏകനാണ്. ഫറവോൻ രാജാവ് അടക്കമുള്ള സൃഷ്ടികളെല്ലാം ആ ഏകദൈവത്തെ അംഗീകരിച്ചും അവന്റെ ശാസനകൾക്കു വിധേയരായും വാഴണം. അതാണ് വിശുദ്ധിയുടെയും സംസ്കാരത്തിന്റെയും മാർഗം. ഈ സാക്ഷാൽ ദൈവത്തെ അംഗീകരിക്കാനും അവന്ന് വഴിപ്പെട്ടു വാഴാനും സന്നദ്ധരാകുന്നില്ലെങ്കിൽ നിങ്ങൾ അടിച്ചമർത്തി അടിമകളാക്കി വച്ചിരിക്കുന്ന ഇസ്റാഈല്യരെ ഞങ്ങളോടൊപ്പം വിട്ടയക്കേണം. ഇനിയും അവരെ പീഡിപ്പിക്കരുത്. ഇതിൽ ആദ്യം ഉന്നയിച്ച പ്രപഞ്ചവിധാതാവിനെയും അവനോടു പാലിക്കേണ്ട വിധേയത്വത്തെയും കുറിച്ചാണ് ഫറവോൻ ഈ ചോദ്യമുന്നയിക്കുന്നത്. താൽപര്യമിതാണ്: നിങ്ങളെ ദൂതന്മാരായി അയച്ചിരിക്കുന്നുവെന്ന് പറയുന്ന വിധാതാവ് ആരാണ്, ഏതാണ്? നിങ്ങളുടെ എന്നല്ല, ഈ രാജ്യത്തിന്റെ തന്നെ റബ്ബ്-യജമാനനും വിധാതാവും ഞാനാണ്. എനിക്കാണ് ഈജിപ്തിന്റെ അധികാരം. ഈ നദികളൊഴുകുന്നത് എന്റെ കീഴിലാണ്-أَلَيْسَ لِي مُلْكُ مِصْرَ وَهَٰذِهِ الْأَنْهَارُ تَجْرِي مِن تَحْتِي -43:51). ഞാനല്ലാതെ നിങ്ങൾക്ക് ദൈവമുള്ളതായി എനിക്കറിയില്ല-مَا عَلِمْتُ لَكُم مِّنْ إِلَٰهٍ غَيْرِي-28:38). ഞാൻ തന്നെയാണ് നിങ്ങളുടെ അത്യുന്നതനായ വിധാതാവ്-റബ്ബ് أَنَا رَبُّكُمُ الْأَعْلَىٰ -79:24). ഞാനല്ലാത്ത ദൈവത്തെ സ്വീകരിച്ചാൽ നിന്നെ തുറുങ്കിലടച്ചുകളയും- قَالَ لَئِنِ اتَّخَذْتَ إِلَٰهًا غَيْرِي لَأَجْعَلَنَّكَ مِنَ الْمَسْجُونِينَ -26:29). ഇതായിരുന്നു ഫറവോന്റെ നിലപാട്. ഇതിനർഥം അയാൾ നാസ്തികനായിരുന്നുവെന്നോ പ്രപഞ്ച സ്രഷ്ടാവായ ദൈവം താനാണെന്നു വിശ്വസിച്ചിരുന്നുവെന്നോ അല്ല. ഫറവോനും ഖിബ്തികളുമൊക്കെ സൂര്യനെ ദൈവമായി കരുതുകയും ആരാധിക്കുകയും ചെയ്തിരുന്നു. ദൈവത്തിന്റെ പ്രതിപുരുഷൻ അല്ലെങ്കിൽ അവതാരം എന്നതായിരുന്നു ഫറവോന്റെ അവസ്ഥ. ഈയടിസ്ഥാനത്തിൽ നാട്ടിൽ പലയിടത്തും ഫറവോന്റെ പ്രതിമ സ്ഥാപിച്ച് ആരാധിക്കപ്പെടുകയും ചെയ്തിരുന്നു. നാട്ടുകാരെ സംബന്ധിച്ചിടത്തോളം അയാൾ ദൈവതുല്യം ആരാധ്യനാണ്. അയാളുടെ കൽപനകൾ ദൈവകൽപനകളാണ്. നാട്ടുകാർക്ക് സൂര്യന് വേണ്ടി ക്ഷേത്രങ്ങളുണ്ടാക്കാം. പൂജാദികർമങ്ങളനുഷ്ഠിക്കാം. പ്രാർഥിക്കാം. പക്ഷേ ദൈനംദിന ജീവിതത്തിൽ ഭയപ്പെടേണ്ടതും മാനിക്കേണ്ടതും ഫറവോനെയാണ്. അംഗീകരിക്കേണ്ടത് അയാളുടെ പരമാധികാരമാണ്. അനുസരിക്കേണ്ടത് അയാളുടെ നിയമങ്ങളും വിധിവിലക്കുകളുമാണ്. മൂസാ പറയുന്നത് പൂജാദികർമങ്ങളിലും അതുപോലുള്ള ആത്മീയാനുഷ്ഠാനങ്ങളിലും മാത്രം തൽപരനായ ദൈവത്തെക്കുറിച്ചല്ല. തന്നെ അവന്റെ അവതാരമാക്കുകയും തനിക്ക് പരമാധികാരം നൽകുകയും ചെയ്ത ദൈവത്തെക്കുറിച്ചുമല്ല. താൻ ആരാധിക്കാൻ മാത്രമല്ല, രാജ്യകാര്യങ്ങളിൽ അനുസരിക്കാൻ കൂടി ബാധ്യസ്ഥമായ ശാസനകൾ നൽകുന്ന വിധാതാവിനെ-റബ്ബിനെക്കുറിച്ചാണ് മൂസാ സംസാരിക്കുന്നത്. ഇതേതു വിധാതാവ്, തന്റെ അധികാരത്തിലിടപെടുന്ന ഈ റബ്ബ് ആര്?

ഫറവോന്റെ ഈ ചോദ്യത്തിൽ ദൂതന്മാരോടുള്ള പുഛവും പരിഹാസവും ഉണ്ടായിരുന്നു. തന്റെ അടിമക്കൂട്ടത്തിലെ രണ്ടു യുവാക്കളാണിപ്പോൾ തന്നെ ദൈവിക കാര്യത്തിൽ ഉൽബോധിപ്പിക്കാൻ വന്നിരിക്കുന്നത്! ഇസ്റാഈല്യർ താനുൾപ്പെടെയുള്ള ഖിബ്തികളുടേതിൽനിന്ന് വ്യത്യസ്തനായ ദൈവത്തിൽ വിശ്വസിക്കുന്നവരാണെന്ന് ഫറവോന്ന് അറിയാമായിരുന്നു. ഈജിപ്തുകാരുടെ അത്യുന്നത ദൈവം താൻ തന്നെയാണെന്നും താനല്ലാതെ ദൈവമില്ലെന്നും ഘോഷിച്ചു വാഴുമ്പോഴും ഇസ്റാഈല്യരുടെ വേറിട്ട ദൈവ വിശ്വാസം അയാൾക്കൊരു പ്രശ്നമായിരുന്നില്ല. കാരണം രാജ്യത്തിന്മേലും ജനങ്ങളിലുമുള്ള പരമാധികാരമാണ് അയാൾ അവകാശപ്പെട്ട ദൈവികത. ഇസ്റാഈല്യരാവട്ടെ, ഖിബ്തികളാകട്ടെ തന്റെ ഈ പരമാധികാരത്തിൽ ഇടപെടാതെ സ്വകാര്യ ജീവിതത്തിൽ മറ്റു ദൈവങ്ങളിൽ വിശ്വസിക്കുകയോ ആരാധിക്കുകയോ ചെയ്യുന്നതിൽ അയാൾക്ക് എതിർപ്പുണ്ടായിരുന്നില്ല. അതാണ് ഇസ്റാഈല്യർ ചെയ്തുകൊണ്ടിരുന്നത്. വീടുകളിലോ മനസ്സുകളിലോ ചുരുണ്ടുകൂടിയ നിസ്തേജനായിരുന്നു ഇതുവരെ അവരുടെ ദൈവം. വ്യാവഹാരിക ജീവിതവുമായി അതിന്ന് ഒരു ബന്ധവുമുണ്ടായിരുന്നില്ല. നാടെങ്ങും സർവപ്രതാപത്തോടെ വാണിരുന്നത് ഫറവോന്റെ ദിവ്യത്വമായിരുന്നു. ഇപ്പോഴിതാ മൂസാ-ഹാറൂന്മാർ ഒരു സജീവ ദൈവത്തെ ഫറവോന്റെ മുമ്പിൽ അവതരിപ്പിക്കുക മാത്രമല്ല ആ ദൈവത്തിന്റെ ശാസനയായി ഗുരുതരമായ ഒരാവശ്യം ഉന്നയിക്കുകയും ചെയ്തിരിക്കുന്നു. ഒപ്പം, രക്ഷ വേണമെങ്കിൽ തങ്ങളുടെ സന്ദേശം സ്വീകരിച്ചുകൊള്ളണമെന്നും ഇല്ലെങ്കിൽ കൊടിയ ദൈവശിക്ഷ നേരിടാൻ ഒരുങ്ങിക്കൊള്ളണമെന്നുമുള്ള താക്കീതും! ഇങ്ങനെ വ്യാവഹാരിക ജീവിതത്തിൽ സജീവമായി ഇടപെടുന്ന ദൈവത്തെക്കുറിച്ച് ഫറവോന്നറിയില്ലായിരുന്നു. അതുകൊണ്ടാണ് പുഛവും അത്ഭുതവും കലർന്ന സ്വരത്തിൽ അയാൾ ഇങ്ങനെ ചോദിച്ചത്. ഫറവോൻ പറഞ്ഞതായി ബൈബിൾ ഉദ്ധരിക്കുന്നതിങ്ങനെയാണ്: "അവന്റെ വാക്കു കേട്ട് ഞാൻ ഇസ്റാഈൽ ജനത്തെ പറഞ്ഞയക്കാൻ മാത്രം ആരാണ് ആ കർത്താവ്? ഞാൻ കർത്താവിനെയറിയില്ല. എന്നുമാത്രമല്ല ഇസ്റാഈലിനെ വിട്ടയക്കുകയുമില്ല" (പുറപ്പാട് 5:2).

## 50

മൂസാനബി അല്ലാഹുവിനെ ആദ്യമായി രണ്ടു ഗുണങ്ങളിലൂടെയാണ് പരിചയപ്പെടുത്തുന്നത്. എല്ലാ വസ്തുക്കൾക്കും അതിന്റെ സൃഷ്ടിഘടന നൽകിയവനാണ് അല്ലാഹു. خلق -ന് സൃഷ്ടി എന്നും സൃഷ്ടിയുടെ പ്രകൃത്യാ ഉള്ള ഘടന എന്നും അർഥമുണ്ട്. രണ്ടാമത്തെ അർഥമാണ് ഇവിടെ ഉദ്ദേശ്യം. ഇതിൽ രണ്ടു കാര്യങ്ങളടങ്ങിയിരിക്കുന്നു. പ്രപഞ്ചത്തിന്റെ സ്രഷ്ടാവാണ് എന്റെ നാഥൻ എന്നതാണൊന്ന്. ഓരോ വസ്തുവിന്റെയും രൂപവും ഘടനയും ഗുണവിശേഷങ്ങളും അവൻ ബോധപൂർവം നൽകിയതാണ് എന്നതാണ് മറ്റൊന്ന്. എങ്ങനെയൊക്കെയോ കുറെ വസ്തുക്കൾ പടച്ചുവിടുകയല്ല അവൻ ചെയ്തിരിക്കുന്നത്. ഓരോന്നിനും ഒരു ധർമം നിശ്ച

യിച്ച് ആ ധർമപൂർത്തീകരണത്തിനുതകുന്ന രൂപഘടനയും ഗുണവിശേഷങ്ങളും നൽകിയിരിക്കുകയാണ്. സൃഷ്ടികളുടെ പ്രകൃതി അവ സ്വയം ആർജിച്ചതല്ല, അല്ലാഹു നൽകിയതാണ് أَعْطَى خَلْقَهُ എന്ന വാക്യം ഓരോ സൃഷ്ടിയും സോദ്ദേശ്യമായ രൂപത്തിലും പ്രകൃതിയിലുമാണെന്ന് കുറിക്കുന്നു. ഓരോ സൃഷ്ടിക്കും ഒരു ധർമം-ജീവിത ലക്ഷ്യം ഉണ്ടാവുക അതിന്റെ അനിവാര്യതയാകുന്നു. മത്സ്യത്തിന്റെയും മാടിന്റെയും ആടിന്റെയും പറവയുടെയും പാമ്പിന്റെയും തേനീച്ചയുടെയുമെല്ലാം ഘടനയും പ്രകൃതിയും നിരീക്ഷിച്ചുനോക്കുക; അത് അവയുടെ ജീവിതക്രമത്തിന് തികച്ചും അനുഗുണമാണെന്നു കാണാം.

ശരീരഘടനയും ശേഷികളും നൽകിയതോടൊപ്പം അവ കൊണ്ടുദ്ദേശിക്കപ്പെട്ട ജീവിതക്രമത്തിലേക്ക്-ധർമത്തിലേക്ക്-മാർഗദർശനം ചെയ്യുകയും ചെയ്തവൻ എന്നതാകുന്നു അല്ലാഹുവിന്റെ രണ്ടാമത്തെ ഗുണം. തിര്യക്കുകൾക്ക് ഈ മാർഗദർശനം അവയുടെ ജന്മവാസനയുടെ രൂപത്തിലാണ്. വളരെ ചെറിയ സൃഷ്ടിയാണല്ലോ തേനീച്ച. അല്ലാഹു അതിനെ സൃഷ്ടിച്ചത് ഏതു ലക്ഷ്യത്തിനു വേണ്ടിയാണോ ആ ലക്ഷ്യം നിറവേറ്റാനാവശ്യമായ അറിവും അഭിവാഞ്ഛയും അവയിൽ തന്നെ നിക്ഷേപിച്ചിരിക്കുന്നു. പൂവുകൾ തേടി നടന്ന് തേൻ ശേഖരിക്കാനോ അത് ആഹാരയോഗ്യവും ഔഷധഗുണവുമുള്ള വസ്തുവാക്കി മാറ്റാനോ തേനീച്ചയെ ആരും പഠിപ്പിക്കേണ്ടതില്ല. തേനീച്ചയുടെ ജന്മസിദ്ധമായ ഈ അറിവിനെ അല്ലാഹു ദിവ്യബോധനം-وحي-എന്നാണ് വിശേഷിപ്പിക്കുന്നത്. ഇതുതന്നെയാണ് പ്രപഞ്ചത്തിലെ ചെറുതും വലുതുമായ എല്ലാ സൃഷ്ടികളുടെയും അവസ്ഥ. സിംഹത്തിന് അതിന്റെ ശക്തിയും ഗാംഭീര്യവും പുഴുവിന് അതിന്റെ ബലഹീനതയും ക്ഷുദ്രതയും നൽകിയ അല്ലാഹു രണ്ടു സൃഷ്ടികൾക്കും അവയുടെ സൃഷ്ടി ലക്ഷ്യം ബോധനം ചെയ്തിരിക്കുന്നു. കുയിലിനെ പാടാനും മയിലിനെ ആടാനും പട്ടിയെ കുരക്കാനും പഠിപ്പിച്ചത് അവനാണ്. താൻ എവിടെ എങ്ങനെ ജീവിക്കണം, എങ്ങനെ ആഹാരം തേടണം, എന്തെല്ലാം ആഹരിക്കാം എന്തെല്ലാം ആഹരിച്ചുകൂടാ, എങ്ങനെ ജീവൻ രക്ഷിക്കണം, എന്തിനെയൊക്കെ ഭയപ്പെടേണം, വംശാവലി നിലനിർത്തേണ്ടതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ ഓരോ ജീവിയെയും സ്രഷ്ടാവ് നേരിട്ടു പഠിപ്പിച്ചിരിക്കുന്നു. ആ അറിവുകൾ പ്രയോജനപ്പെടുത്തുമ്പോൾ അവ നിലനിൽക്കുന്നു. സ്വന്തം നിലനിൽപ്പിലൂടെ, സ്വയം അറിയാതെയാണെങ്കിലും ഇതര സൃഷ്ടികൾക്ക് നൽകുന്ന സേവനം വഴി മൊത്തം പ്രപഞ്ചത്തിന്റെ നിലനിൽപ്പിലും അവ പങ്കുവഹിക്കുന്നു.

ഇത് ജീവജാലങ്ങളുടെ മാത്രം കാര്യമല്ല. തെങ്ങിൽ തേങ്ങയും മാവിൽ മാങ്ങയും വിളയിക്കുന്നതാരാണ്? തേങ്ങക്കും മാങ്ങക്കും വ്യത്യസ്ത രുചി നൽകിയതാരാണ്? മുന്തിരിയെ മധുരിതവും ഒതളങ്ങയെ വിഷമയവുമാക്കിയതാരാണ്? വനത്തിലുള്ള ഓരോ മരത്തിനും, പുൽമേട്ടിലുള്ള ഓരോ പുൽക്കൊടിക്കും അതിന്റേതായ ഗുണവിശേഷങ്ങൾ നൽകിയതാരാണ്? ഒറ്റ ഉത്തരമേയുള്ളൂ. അല്ലാഹു. അതൊന്നും അവകാശപ്പെടാൻ മറ്റാർക്കും ആവില്ല. കൈയിൽ വടിയുള്ള ഇടയന് ആടുകളൊക്കെ തന്റേതാണെന്നവകാശപ്പെട്ട് മേയ്ച്ചുകൊണ്ടിരിക്കാം. കൈയിൽ ചെങ്കോലുള്ള രാജാവിന് എല്ലാം തന്റെ കീഴിലാണെന്നവകാശപ്പെട്ട് ആളുകളെ ആജ്ഞാനുവർത്തികളാക്കാം. പക്ഷേ ആ സൃഷ്ടികൾക്ക് അല്ലാഹു നൽകിയിട്ടുള്ള നിരവധി ഗുണങ്ങളിൽ ഒന്നുപോലും നൽകാൻ അവർക്കാർക്കും കഴിയില്ല.

ഇനി വാനലോകത്തേക്കു നോക്കുക. സൂര്യൻ, ചന്ദ്രൻ, നക്ഷത്ര രാശികൾ, ശൂന്യാകാശം, വായു ഇവക്കൊക്കെ ക്രമാനുസൃതം ചലിക്കാനുള്ള വെളിപാടു കിട്ടിയതെവിടെ നിന്നാണ്? സൂര്യ ചന്ദ്രന്മാരുടെയും വായുവിന്റെയും കൃത്യമായ ചലനക്രമങ്ങളുടെ സഹായത്താലാണല്ലോ മനുഷ്യർ ഈ ഭൂമിയിൽ വാഴുന്നത്. സൂര്യന്റെ അവതാരം ചമഞ്ഞ് ഭൂമിയിൽ സിംഹാസനാരൂഢനാകാൻ ഒരുവന് എളുപ്പമാണ്. പക്ഷേ സൂര്യഗതിയിൽ ചെറിയൊരു മാറ്റമെങ്കിലും വരുത്താൻ അവന്ന് കഴിയുമോ? ഉദയാസ്തമനങ്ങൾ ഒരു നിമിഷം മുന്തിക്കാനോ പിന്തിക്കാനോ കഴിയുന്നവരാരുണ്ട്?

അല്ലാഹുവിന്റെ ശ്രേഷ്ഠ സൃഷ്ടിയാണ് മനുഷ്യൻ. സുന്ദരമായ ശരീരഘടന കൊണ്ടും കർമശേഷികൊണ്ടും മാനസിക യോഗ്യതകൾ കൊണ്ടും അനുഗൃഹീതനാണവൻ. സ്വന്തം ശരീര സൗഷ്ഠവത്തിലോ പ്രതിഭാ ശേഷികളിലോ അവന് ഒരു പങ്കുമില്ല. കണ്ണും മൂക്കും കൈകാലുകളും അവയുടെ പ്രവർത്തനശേഷികളുമെല്ലാം സ്രഷ്ടാവ് തന്നതാണ്. ബുദ്ധി, വിവേചബോധം, ഇഛാശക്തി, വികാരങ്ങൾ എന്നിവയും സ്രഷ്ടാവിന്റെ ദാനം തന്നെ. മനുഷ്യന് ഇപ്പോഴുള്ളതിനെക്കാൾ മികച്ച ഒരു ശരീരഘടന വിഭാവന ചെയ്യാൻപോലും നമുക്കാവുന്നില്ല. മനുഷ്യൻ ഇന്ന് കരയും കടലും ഗിരിശൃംഗങ്ങളും ശൂന്യാകാശവുമൊക്കെ താണ്ടിക്കടക്കുന്നതും ഗോളാന്തരങ്ങളിലോളം ചെന്നെത്തുന്നതും പരമാണുവിനെയും വൈദ്യുതിയെയും കൈകാര്യം ചെയ്യുന്നതും അവന്റെ ഈ ശാരീരിക മാനസിക യോഗ്യതകൾക്കൊണ്ടാണ്. ഈ യോഗ്യതകളൊന്നും തന്നെ അവൻ സ്വയം സൃഷ്ടിച്ചതല്ല. അല്ലാഹു നൽകിയ വിശേഷ ബുദ്ധിയുടെ ഫലമാണ്. അവൻ കൈകാര്യം ചെയ്യുന്ന മൗലിക വസ്തുക്കളും അല്ലാഹുവിന്റെ സൃഷ്ടിയാണ്. അല്ലാഹു നൽകിയ വിശേഷ ബുദ്ധിയുടെ മാർഗദർശനത്താൽ, അല്ലാഹുവിന്റെ സൃഷ്ടികളിൽ അവൻ സംവിധാനിച്ച നിയമങ്ങൾ-കാര്യകാരണ വ്യവസ്ഥകൾ- മനസ്സിലാക്കി പ്രയോജനപ്പെടുത്താൻ യോഗ്യത നേടുന്നതിന്റെ പേരിൽ ദൈവത്തെ നിഷേധിക്കാനോ സ്വയം ദൈവം ചമയാനോ ധൃഷ്ടനാകുന്നത് കേവലം മൗഢ്യമാണ്.

തിര്യക്കുകളും മനുഷ്യനും തമ്മിലുള്ള പ്രധാന വ്യത്യാസം തിര്യക്കുകൾക്ക് ജന്മസിദ്ധമായ വാസനകൾ മാത്രമുള്ളപ്പോൾ മനുഷ്യന് വിശേഷ ബുദ്ധിയും ഇഛാശക്തിയും വിവേചന സ്വാതന്ത്ര്യവും കൂടി ഉണ്ടെന്നുള്ളതാണ്. ശരിയും തെറ്റും ചിന്തിച്ചറിയാനോ അന്വേഷിച്ചറിയാനോ തിര്യക്കുകൾക്കാവില്ല. അവയുടെ ധർമാധർമബോധം അല്ലാഹു അവയുടെ പ്രകൃതിയിൽ തന്നെ അടക്കം ചെയ്തിരിക്കുന്നു. മനുഷ്യനിലും ഈ നൈസർഗിക ഗുണമുണ്ട്. പക്ഷേ തിര്യക്കുകളെപ്പോലെ സ്വധർമം പാലിക്കാൻ അവൻ നിർബന്ധിതനല്ല. ഇഛാശക്തിയും വിവേചന സ്വാതന്ത്ര്യവുമുള്ള മനുഷ്യന് പ്രകൃതിപരമായ അന്തർബോധത്തെ നിഷ്പ്രഭമാക്കാനും മറികടക്കാനും കഴിയും. സാഹചര്യങ്ങളുടെ സ്വഭാവവും ജഢികമായ ആസക്തികളും അവനെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു. സത്യധർമങ്ങളോടുള്ള നൈസർഗികമായ ആഭിമുഖ്യം സജീവമാണെങ്കിൽ അതിനെ സഹായിക്കാൻ ദൈവിക

ദൃഷ്ടാന്തങ്ങളുമുണ്ട്. പ്രപഞ്ചം മുഴുവൻ ദൃഷ്ടാന്തങ്ങൾ നിറഞ്ഞു കിടക്കുകയാണ്. അവയെ പഠിച്ചാൽ സ്വന്തം ജീവിതത്തിന്റെ ലക്ഷ്യവും ധർമവും സ്വയം കണ്ടെത്താൻ കഴിയും. പൈശാചിക വികാരങ്ങൾക്കടിപ്പെടുന്നവർ ദൃഷ്ടാന്തങ്ങൾ തെറ്റായി മനസ്സിലാക്കി അധർമത്തിലാണ്ടുപോകുന്നു. അവരെ രക്ഷിക്കാൻ പ്രവാചകന്മാർ നിയുക്തരാവുകയും വേദങ്ങളിറങ്ങുകയും ചെയ്യുന്നു. ഇതു മനുഷ്യർക്കുമാത്രം സിദ്ധിക്കുന്ന മാർഗദർശനം-هداية ആണ്. ഇവിടെ സൃഷ്ടിയോടൊപ്പം പരാമർശിച്ച ഹിദായത്തിൽ ഈ രണ്ടുതരം മാർഗദർശനങ്ങളും ഉൾപ്പെടുന്നു.

ഈ യാഥാർഥ്യം ഖുർആൻ ഇങ്ങനെയും അവതരിപ്പിച്ചിട്ടുണ്ട്. سَبِّحِ اسْمَ رَبِّكَ الْأَعْلَى ﴿١﴾ الَّذِي خَلَقَ فَسَوَّىٰ ﴿٢﴾ وَالَّذِي قَدَّرَ فَهَدَىٰ (അത്യുന്നതനായ വിധാതാവിന്റെ നാമം പ്രകീർത്തിക്കുക; സൃഷ്ടിക്കുകയും സന്തുലിതമാക്കുകയും വിധി നിശ്ചയിക്കുകയും പിന്നെ വഴികാട്ടുകയും ചെയ്തവന്റെ-87:1-3). ഇവിടെ വിധി നിശ്ചയിക്കുകയും പിന്നെ വഴികാട്ടുകയും ചെയ്യുക- قَدَّرَ فَهَدَىٰ എന്നു പറഞ്ഞതിന്റെ താൽപര്യം ഓരോ സൃഷ്ടിയിലും നിശ്ചിത അളവിലുള്ള യോഗ്യതകൾ നിക്ഷേപിക്കുകയും ആ യോഗ്യതകൾ പ്രയോജനപ്പെടുത്താനുള്ള വഴി കാണിച്ചുകൊടുക്കുകയുമാണ്. മനുഷ്യന്റെ മൗലികമായ സന്മാർഗോപാധി സ്വന്തം പ്രകൃതിയുടെയും ബുദ്ധിയുടെയും മാർഗദർശനം തന്നെയാണെന്നാണിതു സൂചിപ്പിക്കുന്നത്. ഇതിനു പുറമെയാണവൻ പ്രവാചകന്മാരെ നിയോഗിക്കുന്നതും വേദങ്ങളവതരിപ്പിക്കുന്നതും. ഇക്കാര്യവും ഖുർആൻ ഉണർത്തിയിട്ടുണ്ട്.

بَلِ الْإِنسَانُ عَلَىٰ نَفْسِهِ بَصِيرَةٌ ﴿١٤﴾ وَلَوْ أَلْقَىٰ مَعَاذِيرَهُ ﴿١٥﴾ (പക്ഷേ, മനുഷ്യന് തന്നെക്കുറിച്ചു നന്നായറിയാം. അവൻ എത്ര തന്നെ ഒഴികഴിവുകൾ ബോധിപ്പിച്ചാലും-75:14-15).

മുകളിൽ വിശദീകരിച്ച സത്യങ്ങളെല്ലാം ധ്വനിപ്പിക്കുന്ന ഈ കൊച്ചുവാക്യത്തിലൂടെ മൂസാ(അ) ഫറവോനെ തെര്യപ്പെടുത്തിയ യാഥാർഥ്യം ഇതാണ്: സൃഷ്ടിക്കുകയും മാർഗദർശനം ചെയ്യുകയും ചെയ്യുന്നവൻ മാത്രമേ വിധാതാവ് ആയിരിക്കാൻ അർഹനാകുന്നുള്ളൂ. താനാവട്ടെ സൃഷ്ടിയിലോ മാർഗദർശനത്തിലോ ഒരു പങ്കുമില്ലാത്തവനാണ്. എന്നിരിക്കെ എന്തടിസ്ഥാനത്തിലാണ് 'ഞാൻ വിധാതാവ്-റബ്ബ്' ആണെന്ന് താനവകാശപ്പെടുന്നത്?

## 51

**മൂ**സാ(അ) പറഞ്ഞതിന്റെ ഉൾസാരം ഫറവോൻ മനസ്സിലാക്കിയിരുന്നു. അതിനെ ഖണ്ഡിക്കാൻ അയാൾക്ക് കഴിഞ്ഞില്ല. സൃഷ്ടി നടത്തുന്നതും സൃഷ്ടികളുടെ ജീവിതധർമം നിശ്ചയിക്കുന്നതും താനാണെന്നു പറയാനാവില്ലല്ലോ. മൂസാ പറയുന്ന കഴിവുകളൊന്നും തനിക്കില്ല എന്നു പറഞ്ഞാൽ അത് താൻ റബ്ബ് അല്ല എന്നു സമ്മതിക്കലുമാകും. അതുകൊണ്ട് അയാൾ പരിഹാസത്തിലൂടെ വിഷയത്തിൽ നിന്ന് വഴുതിമാറുകയാണ്. ഓ ഹോ.. അങ്ങനെയൊരു റബ്ബുണ്ടോ? ശരി എങ്കിൽ ആ റബ്ബിനെ അറിയുകയോ അനുസരിക്കുകയോ ചെയ്യാതെ മരിച്ചുപോയ പൂർവികരുടെയൊക്കെ അവസ്ഥയെന്താണ്? അവർക്കൊന്നും മോക്ഷം കിട്ടിയിട്ടില്ലേ? അവരെല്ലാം ശിക്ഷിക്കപ്പെട്ടിരിക്കുകയാണോ? ഗൗരവമേറിയ ന്യായങ്ങളുന്നയിക്കുമ്പോൾ പരിഹാസോക്തികളിലൂടെ, അതിനു മറുപടി പറയുന്നതിൽ നിന്നൊഴിഞ്ഞുമാറിക്കൊണ്ട് സ്വന്തം നിലപാടിൽ പിടിച്ചുനിൽക്കാൻ നോക്കുക ധിക്കാരികളുടെയും അഹങ്കാരികളുടെയും സാമാന്യ സ്വഭാവമാണ്.

## 52

**ഫ**റവോന്റെ ചോദ്യം വിഷയത്തിൽ നിന്ന് മാറിയതും തമാശ രൂപത്തിലുള്ളതുമായിരുന്നുവെങ്കിലും മൂസാ നബി മറുപടി പറയുന്നത് കാര്യ ഗൗരവത്തോടെ തന്നെയാണ്. ദീനീ പ്രബോധനത്തിന്റെ മറ്റൊരു മര്യാദയാണത്. വിഷയത്തിൽ നിന്ന് മാറിയ ചോദ്യത്തിന് തീരെ മറുപടി പറഞ്ഞില്ലെങ്കിൽ സംവാദം അവിടെ അവസാനിക്കും. തമാശക്കു തമാശയായി തന്നെ മറുപടി നൽകിയാൽ പ്രതിയോഗി ഉദ്ദേശിച്ച വഴിയിലേക്കുതന്നെ പ്രബോധകനും നീങ്ങുകയായിരിക്കും ഫലം. അതുകൊണ്ട് ഫറവോന്റെ ചോദ്യത്തിന് അദ്ദേഹം ഗൗരവത്തോടെ മറുപടി നൽകി. കഴിഞ്ഞുപോയ തലമുറകളുടെ നന്മ തിന്മകളും ജയ പരാജയങ്ങളും സുഖദുഃഖങ്ങളുമെല്ലാം കൃത്യമായി രേഖപ്പെടുത്തി ഒരു മഹാ ഗ്രന്ഥം വിധാതാവിന്റെ പക്കൽ സൂക്ഷിച്ചിട്ടുണ്ട്. ആ ഗ്രന്ഥം ലിപി രൂപത്തിലുള്ളതാണോ ശബ്ദ രൂപത്തിലുള്ളതാണോ ചിത്ര രൂപത്തിലുള്ളതാണോ എന്നൊന്നും ആർക്കുമറിയില്ല. ഒന്നു മാത്രമറിയാം. ഓരോ മനുഷ്യന്റെയും ഭൗതിക ജീവിതം സമ്പൂർണായി ഉൾക്കൊള്ളുന്നതാണത്. അത് കാണുമ്പോൾ അവൻ അത്ഭുതസ്തബ്ധനാകും.

مَالِ هَٰذَا الْكِتَابِ لَا يُغَادِرُ صَغِيرَةً وَلَا كَبِيرَةً إِلَّا أَحْصَاهَا

(എന്തൊരു ഗ്രന്ഥമാണിത്! ചെറുതും വലുതുമായ ഒരു കാര്യവും ഇതിൽ കൃത്യമായി രേഖപ്പെടുത്താതെ വിട്ടുപോയിട്ടില്ലല്ലോ- 18:49). ഇതേ ആശയമാണ് ഇവിടെ അവൻ പിഴക്കുകയോ മറക്കുകയോ ഇല്ല- لَّا يَضِلُّ وَلَا يَنسَى - എന്ന വാക്യത്തിലൂടെ പ്രകാശിപ്പിക്കുന്നത്. പ്രവാചകന്റെ ഈ മറുപടിയിൽ അല്ലാഹുവിന്റെ ജ്ഞാനത്തെക്കുറിച്ചുള്ള ഉണർത്തലുമുണ്ട്. അദൃശ്യ കാര്യങ്ങൾ ഞാനോ മറ്റു മനുഷ്യരോ അറിയുന്നില്ല; എന്റെ നാഥൻ മാത്രമേ അതറിയുന്നുള്ളൂ. അവന്റെ അറിവ് പിഴവിനും അപൂർണതക്കും വിസ്മൃതിക്കും അതീതമാകുന്നു. മൺമറഞ്ഞവരുടെ ജീവിതം കേവലം പഴങ്കഥകളായിത്തീർന്നുവെന്ന് ആരും തെറ്റിദ്ധരിക്കേണ്ട. അല്ലാഹുവിങ്കലുള്ള കർമരേഖയിൽ എല്ലാം കൃത്യമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. വെറുതെ സൂക്ഷിച്ചിരിക്കുകയല്ല; നിശ്ചിത സമയമായാൽ ഓരോ വ്യക്തിയുടെയും ഓരോ കർമവും കണിശമായി വിചാരണ ചെയ്യപ്പെടാനും രക്ഷാശിക്ഷകൾ വിധിക്കപ്പെടാനുമുള്ളതാണ്. വിചാരണയെയും രക്ഷാശിക്ഷയെയും ഇവിടെ പരാമർശിക്കുന്നില്ലെങ്കിലും. عِلْمُهَا عِندَ رَبِّي فِي كِتَابٍ എന്ന വാക്യം ഈ ആശയങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ■